(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ&ബി) ഉണ്ട്. വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള വേതനസുരക്ഷാപദ്ധതി (ഇ-പേയ്മെന്റ് ഓഫ് വേജസ്) സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. പദ്ധതിമൂലം തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈൻ ആയി പരിശോധിക്കുന്നതിനും വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും കഴിയും.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം സർക്കാരിന്റെ 8-7-2015-ലെ സ.ഉ.(അച്ചടി) നമ്പർ 84/2015/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് പ്രസ്തുത പദ്ധതിക്കായി ഒരു സോഫ്റ്റ്വെയർ വികസിപ്പിക്കുകയും ആയത് നടപ്പാക്കുന്നതിനായി നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും 16 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

രോഗപ്രതിരോധം

12 (*72) ശ്രീ. കെ. രാജു :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിഫ്ത്തീരിയ തുടങ്ങിയ രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം രോഗങ്ങളുടെ തിരിച്ചു വരവിനെ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ രോഗങ്ങൾ പ്രതിരോധിക്കുന്നതിനുവേണ്ടി ചുവടെ ചേർക്കുന്ന നടപടികൾ കേരളത്തിലുടനീളം സ്വീകരിച്ചുവരുന്നു:

1. സാർവ്വത്രിക പ്രതിരോധ പരിപാടി

പോളിയോ, ഡിഫ്ത്തീരിയ, വില്ലൻചുമ, അഞ്ചാംപനി, ക്ഷയരോഗം, ടെറ്റനസ് തുടങ്ങിയ രോഗങ്ങളെ സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്പ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബി.സി.ജി., പെന്റാ, റ്റി.റ്റി, റുബെല്ലാ വാക്സിനേഷൻ, എം.എം.ആർ. എന്നിവയിലൂടെ പ്രതിരോധിക്കുവാൻ കഴിയും. 1982 മുതൽ ഭാരതസർക്കാരിന്റെ നിർദ്ദേശാനുസരണം നൽകിവരുന്ന സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്പ് പരിപാടി കേരളത്തിലുടനീളം കാര്യക്ഷമമായി തന്നെ നടപ്പിലാക്കിവരുന്നുണ്ട്. എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും എല്ലാ ബുധനാഴ്ചകളിലും പ്രതിരോധ കുത്തിവയ്പ്പ് പരിപാടി സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾവഴി അംഗൻവാടികളേയും ഉൾപ്പെടുത്തി മാസത്തിൽ 4 എന്ന കണക്കിന് പ്രതിരോധ കുത്തിവയ്പ്പ് പരിപാടി സംഘടിപ്പിച്ചുവരുന്നുണ്ട്.

2. പൾസ് പോളിയോ പ്രോഗ്രാം

പോളിയോ ഭാരതത്തിൽനിന്ന് തന്നെ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി 1995 മുതൽ ആരംഭിച്ച പൾസ് പോളിയോ പ്രോഗ്രാം കേരളത്തിലും വിജയകരമായി നടപ്പിലാക്കി വരുന്നു. 2016-ൽ ജനുവരി 17, ഫെബ്രുവരി 21 തീയതികളിലാണ് ഇപ്രാവശ്യത്തെ പൾസ് പോളിയോ പ്രോഗ്രാം സംഘടിപ്പിച്ചിരിക്കുന്നത്.

3. മിഷൻ ഇന്ദ്രധനുഷ് പരിപാടി

2015 ഏപ്രിൽ മാസം മുതൽ ഭാരത സർക്കാരിന്റെ പ്രത്യേക നിർദ്ദേശാനുസരണം രാജ്യത്തെ പ്രതിരോധ കുത്തിവയ്പ്പിൽ പിന്നിൽ നിൽക്കുന്ന 201 ജില്ലകളിൽ ഉൾപ്പെടുത്തി കേരളത്തിലെ മലപ്പുറം, കാസർഗോഡ് ജില്ലകളിൽ മിഷൻ ഇന്ദ്രധനുഷ് എന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രതിരോധ കുത്തിവയ്പ് ശാക്തീകരണ പരിപാടി ഒരു മാസത്തിൽ 7 ദിവസമെന്ന കണക്കിന് തുടർച്ചയായി 4 മാസം സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് ഭാരത സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് മീഡിയ ഫോക്കസ്ഡ് ആയ 7 ജില്ലകളെ (എറണാകുളം, കണ്ണൂർ, കൊല്ലം, കോട്ടയം, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ) ഉൾപ്പെടുത്തി ഒക്ടോബർ 7 മുതൽ 4 മാസത്തേയ്ക്ക് മിഷൻ ഇന്ദ്രധനുഷ് പരിപാടി സംഘടിപ്പിച്ചുവരുന്നു.

4. <u>സ്പെഷ്യൽ ഇമ്മ്യൂണൈസേഷൻ പരിപാടി</u>

സംസ്ഥാനത്ത് പൂർണ്ണമായോ ഭാഗീകമായോ പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾ ഉള്ള പ്രദേശങ്ങളിൽ പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ ഡിഫ്തീരിയ ബാധിച്ച് 8-9-2015-ന് 2 കുട്ടികളുടെ മരണം ഉൾപ്പെടെ 5 ഡിഫ്തീരിയ കേസ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രത്യേക പ്രതിരോധ കുത്തിവയ്പ്പ് ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

5. <u>ബോധവൽക്കരണ പരിപാടികൾ</u>

പ്രതിരോധ കുത്തിവയ്പ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വാക്സിനുകളെപ്പറ്റിയും അവമൂലം പ്രതിരോധിക്കാവുന്ന രോഗങ്ങളെപ്പറ്റിയും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ വിശദമായ ബോധവൽക്കരണ പരിപാടികൾ ആരോഗ്യ വകുപ്പിന്റെയും എൻ.എച്ച്.എം.-ന്റെയും മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു.

<u>ഹ്രസ്വകാല പ്രവർത്തന ലക്ഷ്യങ്ങൾ</u>

16 വയസ്സുവരെയുള്ള കുട്ടികൾക്കെല്ലാം (ഭാഗികമായി കുത്തിവയ്പ്പ് കിട്ടിയവർക്കും പൂർണ്ണമായി കിട്ടാത്തവർക്കും) ഫീൽഡ്തല കുത്തിവയ്പ്പ് താഴെപ്പറയും പ്രകാരം നടപ്പാക്കാൻ തീരുമാനിച്ചു

- 0-1 വയസ്സുവരെ പെന്റാ
- 1-7 വയസ്സുവരെ ടി.പി.റ്റി. ബൂസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

7-16 വയസ്സുവരെ

- കുത്തിവയ്പ് ലഭിക്കാത്തവർക്ക് 3 ഡോസ് ടി.ഡി. വാക്സിൻ-0,1,6 മാസങ്ങളിൽ
- ഭാഗിക കുത്തിവയ്പ്പ് കിട്ടിയവർക്ക്-1 ഡോസ് ടി.ഡി. വാക്സിൻ

സ്കൂൾ ഇമ്മ്യൂണൈസേഷൻ

- 1-7 വയസ്സുവരെ ടി.പി.റ്റി. ബൂസ്റ്റർ
- 7-16 വയസ്സുവരെ ടി.ഡി. വാക്സിൻ
- കുത്തിവയ്പ് ലഭിക്കാത്തവർക്ക്- 3 ഡോസ് (0,1,6 മാസങ്ങളിൽ)
- ഭാഗിക കുത്തിവയ്പ് കിട്ടിയവർക്ക്-1 ഡോസ് ടി.ഡി. വാക്സിൻ

ദീർഘകാല പ്രവർത്തന ലക്ഷ്യം

ടി.ടി വാക്സിന് പകരമായി സ്കൂൾ കുത്തിവയ്പ് പരിപാടിയിൽ ടി.ഡി. വാക്സിൻ നടപ്പിലാക്കുക.

കൂടാതെ അടുത്ത 6 മാസത്തേക്ക് ആവശ്യമായ ടി.ഡി. വാക്സിൻ വാങ്ങാനും ആന്റി ഡിഫ്ത്തീരിയ സിറം ആവശ്യത്തിന് സ്റ്റോക്ക് ചെയ്യാനും നടപടി സ്വീകരിച്ചു.

ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ

13 (*73) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിദ്യാഭ്യാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;